സ.ഉ.(സാധാ) നം.81/2024/LAW

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശേഷം കോ-ടെർമിനസ് വ്യവസ്ഥയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ശ്രീമതി ബീനാകുമാരി വി.കെ. യുടെ പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്തുവരുന്ന ശ്രീ.രഘുകുമാർ. എസ്. ന്റെ കോ-ടെർമിനസ് നിയമനം 04.01.2023 പ്രാബല്യത്തിൽ പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം നിർണ്ണയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.81/2024/LAW തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:-

1. 30.09.2021 തീയതിയിലെ സ.ഉ.(സാധാ)861/2021/നിയമം നമ്പർ ഉത്തരവ്.
2. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 04.01.2023-ലെ 01/എ3/2023എച്ച്.ആർ.സി നമ്പർ നടപടിക്രമം.
3. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 21.02.2023-ലെ 153/എ3/2023/എച്ച്.ആർ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.രഘുകുമാർ. എസ് പരാമർശം (1) ഉത്തരവ് പ്രകാരം പുനർനിയമനം (Re-employment) ലഭിച്ച് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ അംഗം ശ്രീമതി ബീനാകുമാരി വി.കെയുടെ പ്രൈവറ്റ് സെക്രട്ടറിയായി 01.06.2020 തീയതി മുതൽ പ്രവർത്തിച്ചുവരവെ ബഹു. അംഗത്തിന്റെ സേവനകാലാവധി 03.01.2023 തീയതിയിൽ അവസാനിച്ചതിനെ തുടർന്ന് പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ നിന്നും ശ്രീ. രഘുകുമാർ. എസ്. നെ വിടുതൽ ചെയ്യുകയുണ്ടായി. തുടർന്ന് ശ്രീമതി ബീനാകുമാരി വി. കെ. 04.01.2023 മുതൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗമായി വീണ്ടും നിയമിതയായതിനെ തുടർന്ന് പരാമർശം (2) നടപടിക്രമം പ്രകാരം ശ്രീ. രഘുകുമാർ. എസ്. കോ - ടെർമിനസ് വ്യവസ്ഥയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ശ്രീമതി ബീനാകുമാരി വി. കെയുടെ പ്രൈവറ്റ് സെക്രട്ടറിയായി 04.01.2023 മുതൽ വീണ്ടും നിയമിതനായി ജോലി ചെയ്തു വരികയാണ് .

കോ-ടെർമിനസ് വ്യവസ്ഥയിൽ ലഭിച്ച നിയമനം പുനർനിയമനമായി (Re-employment) കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം നിർണ്ണയിച്ച് ഉത്തരവാകണമെന്ന് കാണിച്ച് പരാമർശം (3) പ്രകാരം കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുള്ളതാണ്.

ഈ വിഷയം വിശദമായി സർക്കാർ പരിശോധിക്കുകയുണ്ടായി. നിയമ വകുപ്പിലെ ഡെപ്യൂട്ടി

സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശേഷം കോ-ടെർമിനസ് വ്യവസ്ഥയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ശ്രീമതി ബീനാകുമാരി വി.കെ-യുടെ പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്തുവരുന്ന ശ്രീ.രഘുകുമാർ. എസ്-ന്റെ കോ-ടെർമിനസ് നിയമനം 04.01.2023 പ്രാബല്യത്തിൽ പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം നിർണ്ണയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:

1. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
3. ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ശ്രീമതി ബീനാകുമാരി വി.കെ-യുടെ പ്രൈവറ്റ് സെക്രട്ടറി. ശ്രീ.രഘുകുമാർ. എസ്.
(കേരള സംസ്ഥാന കമ്മീഷൻ സെക്രട്ടറി മുഖാന്തിരം)
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. ബഹു.നിയമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
7. നിയമസെക്രട്ടറിയുടെ പി.എ.
8. പൊതുഭരണ (എസ്.സി) വകുപ്പ് (18.01.2024-ലെ ഇനം നമ്പർ 2001)
9. അഡീഷണൽ നിയമ സെക്രട്ടറിയുടെ പി.എ, നിയമ (എച്ച്) വകുപ്പ്
10. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി
11. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Ranjith P R
സെക്ഷൻ ഓഫീസർ
Date: 19-01-2024 17:47:43

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-01-2024

ഫയൽ നം. 94/എച്ച്3/2023/നിയമം. ഇനം നം: 2001

വിഷയം : നിയമ വകുപ്പ് - കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ബഹു. അംഗം ശ്രീമതി. ബീനാകുമാരി വി. കെ.-യുടെ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 04.01.2023 മുതൽ നിയമിതനായ ശ്രീ. രഘുകുമാർ. എസ്-ന്റെ കോ-ടെർമിനസ് നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ. എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരം നിർണ്ണിയിക്കുന്നതിന് അനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 94/എച്ച്3/2023/നിയമം |
| 2. | വകുപ്പ് | : | നിയമ (എച്ച്) വകുപ്പ് |
| 3. | വിഷയം | : | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ബഹു. അംഗം ശ്രീമതി. ബീനാകുമാരി വി.കെ യുടെ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 04/01/2023 മുതൽ നിയമിതനായ ശ്രീ. രഘുകുമാർ. എസ്-ന്റെ കോ-ടെർമിനസ് നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരം നിർണ്ണയിക്കുന്നതിന് അനുമതി - സംബന്ധിച്ച്. |
| 4. | മന്ത്രിസഭയോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09.12.2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചുട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചുട്ടുണ്ടോ? | :<br>:<br>: | ഉണ്ട്<br>ഉണ്ട്.<br>ഉണ്ട്. ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്,<br>ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ. സുരേഷ് ബാബു. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.01.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.01.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11.01.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.01.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ബഹു. അംഗം ശ്രീമതി. ബീനാകുമാരി. വി.കെ. യുടെ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 04/01/2023 മുതൽ നിയമിതനായ ശ്രീ. രഘുകുമാർ. എസ്-ന്റെ കോ-ടെർമിനസ് നിയമനം പുനർനിയമനമായി അംഗീകരിച്ച് ഉത്തരവാകണമെന്നും കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം ശമ്പളം പുനർനിർണയിച്ച് ഉത്തരവാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. രഘുകുമാർ.എസ്. നൽകിയ അപേക്ഷ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ ഫയലിലെ കൈകാര്യവിഷയം.

2. ഗവ. സെക്രട്ടേറിയറ്റ് നിയമ വകുപ്പിൽ ഡെപ്യൂട്ടി സെക്രട്ടറിയായി ജോലി ചെയ്തു വരവേ ശ്രീ. രഘുകുമാർ. എസ്. നെ 10.02.2020 തീയതിയിലെ സ.ഉ. (സാധാ) 632/2020/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കമ്മീഷൻ അംഗം ശ്രീമതി ബീനകുമാരി. വി.കെ. യുടെ പ്രൈവറ്റ് സെക്രട്ടറിയായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതും തുടർന്ന് 31.05.2020-ൽ സർവീസിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് ടി തസ്തികയിൽ കോ-ടെർമിനസ് വ്യവസ്ഥയിൽ നിയമിതനായ ടിയാനെ 30/09/2021 തീയതിയിലെ സ. ഉ. (സാധാ) 861/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം 01/06/2020 മുതൽ പുനർനിയമിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടിയാന്റെ സേവനവ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം നിർണ്ണയിച്ചിട്ടുള്ളതും ആയതു പ്രകാരം അക്കൗണ്ടന്റ് ജനറൽ ശമ്പളം പുനർനിർണ്ണയിച്ച നൽകിയിട്ടുള്ളതുമാണ് .

3. ശ്രീ. രഘുകുമാർ എസ്. 01.06.2020 മുതൽ പുനർനിയമനം ലഭിച്ച് കമ്മീഷൻ അംഗം ശ്രീമതി ബീനകുമാരി. വി. കെ. യുടെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ച വരവെ കമ്മീഷൻ അംഗം ശ്രീമതി. ബീനകുമാരി. വി. കെ.യുടെ സേവന

കാലാവധി 03/01/2023-ന് പൂർത്തീകരിച്ചതിനെ തുടർന്ന് ശ്രീ. രഘുകുമാർ എസ്-ന്റെ സേവന കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 04.01.2023 തീയതിയിലെ 9/എ 3/2023/HRC നമ്പർ നടപടിക്രമം പ്രകാരം കമ്മീഷന്റെ സേവനത്തിൽ നിന്നും ശ്രീ. രഘുകുമാർ എസ്-നെ വിടുതൽ ചെയ്തിട്ടുള്ളതാണ്. തുടർന്ന് ബഹു. ഗവർണ്ണറുടെ 02/01/2023 തീയതിയിലെ GS5-001/2023 നമ്പർ വിജ്ഞാപനം പ്രകാരം ശ്രീമതി. ബീനകുമാരി. വി.കെ.യെ 04.01.2023 പ്രാബല്യത്തിൽ കമ്മീഷന്റെ മെമ്പറായി പുനർനിയമിച്ചിട്ടുള്ളതാണ്. ബഹു. കമ്മീഷൻ അംഗത്തിന്റെ നിർദ്ദേശ പ്രകാരം ശ്രീ. രഘുകുമാർ. എസ്-നെ 04/01/2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ വീണ്ടും നിയമിച്ച് 04.01.2023 തീയതിയിലെ 1/എ 3/2023/എച്ച്.ആർ.സി നമ്പർ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിനനുസരിച്ച് ടിയാളുടെ ശമ്പളം, കമ്മീഷനിൽ നിന്നും വിടുതൽ ചെയ്ത 03/01/2023 തീയതിയിൽ ലഭിച്ച പ്രകാരം കോ-ടെർമിനസ് വ്യവസ്ഥയിൽ വീണ്ടും നിയമിക്കപ്പെട്ട 04/01/2023 തീയതി പ്രാബല്യത്തിൽ ലഭിക്കണമെന്ന് ടിയാൻ അഭ്യർത്ഥിച്ചിരിക്കുന്നുവെന്നും ആയതിനാൽ ശ്രീ. രഘുകുമാർ. എസ്-ന്റെ 04/01/2023 മുതലുള്ള പ്രൈവറ്റ് സെക്രട്ടറി തസ്തികയിലെ കോ-ടെർമിനസ് നിയമനം കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം പുനർനിയമനമായി ഉത്തരവാകണമെന്നും കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

4. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം 2-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികൾ മന്ത്രിസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ഇതിൽ ഐറ്റം 45-ഉം ഉൾപ്പെടും. ആയത് ഇപ്രകാരമാണ്.

"45. Proposals for re-employment or extension of service:

(i) of any Government Servant; or

(ii) of any Member of the staff in any Government company or any Public Undertaking or any Statutory Board holding any post, appointment to which is to be made by the Government or with the sanction of Government.

Note: Cases for re-employment in the personal staff of Ministers need not be placed before the Council."

5. സർക്കാർ ഉദ്യോഗസ്ഥരുടെ പുനർനിയമനത്തെ സംബന്ധിച്ച് പൊതുഭരണ വകുപ്പിന്റെ 14.10.2020-ലെ 530/എസ്.സി1/2020/പൊ.ഭ.വ. (എസ്.സി) നമ്പർ സർക്കുലറിലെ വ്യവസ്ഥയനുസരിച്ച് പുനർനിയമനത്തിനോ സർവ്വീസ് ദീർഘിപ്പിക്കലിനോ മന്ത്രിസഭയുടെ മുൻകൂർ അനുമതി വേണമെന്നും കൂടാതെ മന്ത്രിസഭയിൽ ഫയൽ സമർപ്പിക്കുന്നതിന് മുൻപായി വിജിലൻസിന്റെ ക്ലിയറൻസും ധനവകുപ്പിന്റെ അനുമതിയും ആവശ്യമാണെന്നും നിഷ്കർഷിക്കുന്നു. ആയതിൻ പ്രകാരം വിജിലൻസ് ക്ലിയറൻസ് 21/08/2023-ലെ VIG-E4/194/2023-VIG നമ്പർ അഭിപ്രായ കുറിപ്പ് മുഖാന്തിരം ലഭ്യമായിട്ടുണ്ട്. ആയത് ഇപ്രകാരമാണ്.

"നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ശ്രീ. രഘുകുമാർ. എസ് - നെതിരെ നിലവിൽ വിജിലൻസ് കേസോ/അന്വേഷണമോ ഇല്ല എന്ന വിവരം അറിയിച്ചുകൊണ്ട് ഭരണവകുപ്പിന്റെ ഫയൽ മടക്കി നൽകുന്നു."

6. കൂടാതെ ധനവകുപ്പിന്റെ അനുമതി, 28.10.2023 തീയതിയിലെ EXP-A4/457/2023-FIN നമ്പർ അഭിപ്രായക്കുറിപ്പിൽ ലഭ്യമായിട്ടുണ്ട്. ആയത് ഇപ്രകാരമാണ്.

" ഭരണ വകുപ്പിനെ ചുവടെപ്പറയും പ്രകാരം അറിയിക്കുന്നു.

19.10.2016-ലെ സ.ഉ.(പി) നം. 159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം.

പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.

a) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.

b) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

c) പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

d)വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ട്. എന്നാൽ stagnation ഇൻക്രിമെന്റിന് അർഹതയില്ല.

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിന്മേൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത ചട്ടം ഇനം 45-ൽ സർക്കാർ ജീവനക്കാരുടെ പുനർനിയമനം ഉൾപ്പെടുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ 14/10/2020-ലെ 530/SC1/2020/GA(SC) നമ്പർ സർക്കുലറിൽ ടി വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ടി സർക്കുലറിനോട് അനുബന്ധിച്ച് ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 30/10/2020-ലെ 64/2020/ധന നമ്പർ സർക്കുലറിൽ (copy attached below) പുനർ നിയമനം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളിലും ടി നിബന്ധനകൾ ബാധകമാക്കേണ്ടതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ശ്രീ രഘുകുമാർ. എസ് -നെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ബഹു. അംഗം ശ്രീമതി വി.കെ. ബീനാകുമാരിയുടെ പ്രൈവറ്റ് സെക്രട്ടറി ആയി മന്ത്രിസഭയുടെ അനുമതിയോടെ നിയമിക്കാൻ അനുമതി നല്കാവുന്നതാണ്. ടിയാന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരമാണ് (19.10.2016 ലെ സ. ഉ (പി)

നം 159/2016/ധന -യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) പുനർ നിർണ്ണയിക്കേണ്ടതെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. "

7. മേൽസാഹചര്യത്തിൽ നിയമ വകുപ്പിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ വിരമിച്ച ശേഷം കോ-ടെർമിനസ് വ്യവസ്ഥയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ബഹു. അംഗം ശ്രീമതി ബീനാകുമാരി.വി.കെ.. യുടെ പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്തു വരുന്ന ശ്രീ രഘുകുമാർ എസ്-ന്റെ നിയമനം 04.01.2023 പ്രാബല്യത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം പുനഃനിയമനമായി ഉത്തരവാകുന്നതിലേയ്ക്കായി ഫയൽ മന്ത്രിസഭ മുൻപാകെ സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ 09.12.2023 -ാം തീയതി ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

നിയമ വകുപ്പിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ വിരമിച്ച ശേഷം കോ-ടെർമിനസ് വ്യവസ്ഥയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ശ്രീമതി ബീനാകുമാരി വി.കെ-യുടെ പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്തുവരുന്ന ശ്രീ.രഘുകുമാർ എസ്-ന്റെ നിയമനം 04.01.2023 പ്രാബല്യത്തിൽ പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം നിർണ്ണയിക്കുന്നതിന് അനുമതി നൽകാമോ ?